

TUESDAY 02/06/2026 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: ANITHA.C.S** **Editor: Dr. V. Krishnadas**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/06/2026

1. **നെല്ലുസംഭരണം സപ്ലൈകോ രജിസ്ട്രേഷൻ ജൂൺ മൂന്നുവരെ നീട്ടി**

രണ്ടാംവിള നെല്ലുസംഭരണത്തിനായി കർഷകർക്ക് ജൂൺ മൂന്നുവരെ രജിസ്റ്റർ ചെയ്യാം. നിശ്ചിത സമയപരിധിയായ മാർച്ച് 31-നകം വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പൂർത്തിയാക്കാൻ സാധിക്കാതിരുന്നവർക്കാണ് അവസരം. ഇതിനായി സപ്ലൈകോ പാഡി പോർട്ടൽ വീണ്ടും തുറന്നിട്ടുണ്ട്. supplycopaddy.in എന്ന പോർട്ടലിൽ കർഷകർക്ക് രജിസ്ട്രേഷൻ നടപടിക്രമം പൂർത്തീകരിക്കാം.

2. സി. പി. സി. ആർ. ഐ. യുടെ കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ പദ്ധതിയിൽ ഒരു സീനിയർ റിസെർച്ച് ഫെല്ലോ (എസ്. ആർ. എഫ്.) യ്ക്ക് വേണ്ടി 2026, ജൂൺ 04-ാം തിയതി ഒരു എഴുത്ത് പരീക്ഷയും അഭിമുഖവും നടത്തുന്നു. താത്കാലിക നിയമനം 31.03.2027 വരെ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉയർന്ന പ്രായ പരിധി ജൂൺ 04 ന് പുരുഷന്മാർ 35, സ്ത്രീകൾ 40 വയസ്സ് (നിയമാനുസൃതമായ ഇളവുകൾ ബാധകം). ICAR അംഗീകരിച്ച ഒരു കോളേജ്/യൂണിവേഴ്സിറ്റിയിൽ നിന്നും അഗ്രിക്കൾച്ചർ ഹോർട്ടിക്കൾച്ചർ എന്നിവയിൽ ബിരുദാന്തര ബിരുദം ആണ് യോഗ്യത. ഏതെങ്കിലും ഗവേഷണ സ്ഥാപനത്തിലോ കെ.വി.കെ.യിലോ നടപ്പിലാക്കിയ കാർഷിക മേഖലയിലെ പദ്ധതികളിൽ പരിചയം, ഇരുചക്ര വാഹന ഡ്രൈവിങ്ങിൽ ഉള്ള പരിചയം, കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ പരിജ്ഞാനം എന്നിവ അഭികാമ്യം. പ്രതിമാസ ഫെല്ലോഷിപ്പ് 37000/- രൂപ + HRA കൂടുതൽ വിവരങ്ങൾക്ക് www.cpcri.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. 0479-2959268, 2449268, 9447790268 എന്നിവയിൽ ഏതെങ്കിലും ഒരു ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക.

3. കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനെടുക്കുന്നതിന് കണക്ഷനെടുക്കുന്ന ആളിന്റെ തിരിച്ചറിയൽ കാർഡും കണക്ഷനെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശ രേഖയും മാത്രം ഹാജരാക്കി വൈദ്യുതി കണക്ഷനപേക്ഷിക്കാം. കെ എസ് ഇ ബി ഉദ്യോഗസ്ഥൻ പരിശോധന നടത്തുമ്പോൾ കണക്ഷൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാർഷികാവശ്യത്തിനാണെന്ന് ബോധ്യപ്പെടണം. കൃഷി വകുപ്പിൽ നിന്നോ മൃഗസംരക്ഷണ വകുപ്പിൽ നിന്നോ ഉള്ള പ്രത്യേക രേഖയുടെ ആവശ്യമില്ല. ആവശ്യമായ കുറഞ്ഞ സ്ഥലത്തിന് മുകളിലാണെന്നും കൃഷി ആവശ്യത്തിനാണെന്നും കാണിച്ചുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ സർക്കാരിന്റെ സബ്സിഡി 85 പൈസ / യൂണിറ്റ് അവകാശപ്പെടില്ലെന്ന് കണക്ഷൻ എടുക്കുന്നവർ വെള്ള പേപ്പറിൽ എഴുതി നൽകേണ്ടതുണ്ട്. സാധാരണ ജലസേചനത്തിനുള്ള കാർഷിക കണക്ഷനും ( LT – V A), കന്നുകാലി ഫാമുകൾ, പൗൾട്രി ഫാമുകൾ തുടങ്ങിയവയ്ക്കുള്ള കാർഷിക കണക്ഷനും (LT – V) ഈ ഇളവ് ലഭിക്കും. മുയൽ, പന്നി ഫാമുകൾ, ഹാച്ചറികൾ, പട്ടുനൂൽ പുഴു വളർത്തൽ കേന്ദ്രങ്ങൾ, പുഷ്പ, ടിഷ്യൂ കൾച്ചർ, സസ്യ, കുൺ നഴ്സറികൾ, മത്സ്യ ഫാമുകൾ, ചീനവല, ക്ഷീര സഹകരണ സംഘങ്ങൾ, റബ്ബർ ഷീറ്റ് മെഷീൻ ഹൗസ് തുടങ്ങിയ കാർഷിക സംരംഭങ്ങൾക്ക് LT – V B താരിഫിൽ കണക്ഷൻ ലഭ്യമാണ്.

4. എറണാകുളം ജില്ലയിലെ വൈറ്റില ചളിക്കവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള നെല്ല് ഗവേഷണ

കേന്ദ്രത്തിൽ നേന്ത്രൻ, അമ്പല കദളി, റോബസ്റ്റ എന്നീ ഇനങ്ങളിൽ ഉള്ള ടിഷ്യു കൾച്ചർ വാഴതൈകൾ വില്പനയ്ക്ക്. ഫോൺ നമ്പർ–0484–2809963, 807522086.

5. കേരളകാർഷികസർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറിശാസ്ത്ര വിഭാഗത്തിൽ ചുർക്കതലകൾവില്പനക്ക് തയ്യാറായിട്ടുണ്ട്. ഒരു ചുർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം 9:00 AM – 4:00 PM വരെ. ഫോൺ : 9188248481.

6. സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്' (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ളതും വർഷത്തിൽ 300 മുട്ടകൾ വരെയിടുന്നതുമായ ഒരു ദിവസം പ്രായമായ ബി.വി–380 ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണിവരെ 9495000915, 9495000923, 9495000934 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

## പരിശീലന പരിപാടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"രോഗകീട നിയന്ത്രണം ജൈവ ജീവാണു മാർഗങ്ങളിലൂടെ"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് **2026 ജൂൺ 3** ന് ആരംഭിക്കുന്നു. ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. ജൂൺ 13 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **ജൂൺ 3** മുതൽ യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0487-2438567, 8547837256.

## കാർഷിക നിർദേശം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. തെങ്ങ് - ചെല്ലിക്കുത്ത് - കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. കുമ്പിനു ചുറ്റുമുള്ള 23 ഇല കവിളുകളിൽ 45 ദിവസം കൂടുമ്പോൾ മണലും പാറ്റാഗുളികയും അല്ലെങ്കിൽ തുല്യ അളവ്മണലും വേപ്പിൻപിണ്ണാക്കും ചേർത്ത് ഇടുക. മണ്ട വൃത്തിയാക്കിയ ശേഷം 20ഗ്രാം കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ് 4G / ഫിപ്രോനിൽ 0.3G /കാർബോസൽഫാൻ 6G എന്നിവയിലേതെങ്കിലും 200 ഗ്രാം മണലുമായി ചേർത്തു കുമ്പിനു ചുറ്റുമുള്ള 23 ഇല കവിളുകളിൽ ഇടുക. വർഷത്തിൽ മൂന്നുപ്രാവശ്യം ചെയ്യാവുന്നതാണ്. മീൻ വല കുമ്പോലക്കു ചുറ്റും കെട്ടുകയും ഇളക്കവിളിൽ ഇറക്കിവെക്കുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം